GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/10/2026

1. കർഷകർക്കും കാർഷിക സംരംഭങ്ങൾക്കും കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പപദ്ധതിയിലേക്ക് 2027 മാർച്ച് 31 വരെ അപേക്ഷിക്കാം. രണ്ടു കോടി രൂപവരെയുള്ള വായ്പകൾ പരമാവധി ഏഴ വർഷ കാലയളവിലേക്ക് ആറുശതമാനം പലിശ നിരക്കിൽ ലഭ്യമാകും. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ നിർമാണം, ശീതീകരണ ശൃംഖല, കാർഷിക യന്ത്രവൽക്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ കാർഷിക

ലോജിസ്റ്റിക്സ് തുടങ്ങിയ പദ്ധതികൾക്ക് ധനസ ഹായം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.agriinfra.dac.gov.in. എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ 8921540233 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

2. 2026 വർഷത്തിൽ റബ്ബർ കൃഷിചെയ്തവർക്ക് ധനസഹായം ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഒക്ടോബർ 30 ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഡോ. രാജീവ് എം. തോമസ് ഫോണിലൂടെ മറുപടി പറയും. കർഷകർക്ക് 0481 2576622. എന്ന കോൾ സെന്റർ നമ്പറിലെയ്ക്ക് വിളിക്കാം.

3. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷന് സെന്ററിൽ **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തിൽ നവംബർ **07 ന്** പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് ₹550/- രൂപ. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 മണി വരെ 8547070773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്.

4. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർബാൻഡ്, കൈയ്യുറ, കയർ ഫോം, കാർപറ്റ് ബാക്കിങ്, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണവും ഗുണമേന്മാനിയന്ത്രണവും, റബ്ബർപാൽ സംഭരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, എന്നിവയിലുള്ള പരിശീലനം നവംബർ 02 മുതൽ 06 വരെയുള്ള തീയതികളിൽ കോട്ടയത്തെ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ടെയിനിങ്ങിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481-2353127, 9497487209, 04812353201 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടുക.

5. കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ വിപണനശാലയിൽ വിവിധയിനം നടീൽ വസ്തുക്കളും തൈകളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. സിന്ദൂർ, വിയറ്റ്നാം ഇനങ്ങളിൽപ്പെട്ട പ്ലാവിൻ തൈകൾ, ഹരിതം ഇനത്തിലുള്ള കുടംപുളി, ഒൻപത് മാസം പ്രായമായ ഹൈബ്രിഡ് തെങ്ങിൻ തൈകളായ കേരളശങ്കര, കേരളഗംഗ എന്നിവയാണ് വിൽപ്പനയ്ക്കുള്ളത്. തൈകൾ സംബന്ധിച്ച

കൂടുതൽ വിവരങ്ങൾക്കും വാങ്ങുന്നതിനുമായി **9447703321** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

6. കാർഷിക മേഖലയിലെ ഒരുലക്ഷം യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് നടപ്പാക്കുന്ന പ്രത്യേക തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി AIMS പോർട്ടലിലെ രജിസ്ട്രേഷൻ നടപടികൾ ഒക്ടോബർ 31-നകം പൂർത്തിയാക്കണം. നിശ്ചിത സമയപരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്യാത്ത അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടാൻ സാധ്യതയുള്ളതിനാൽ എല്ലാ അംഗങ്ങളും അടിയന്തരമായി രജിസ്ട്രേഷൻ ഉറപ്പാക്കണമെന്ന് കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. കൃഷിവകുപ്പിന്റെ ഔദ്യോഗിക പോർട്ടലായ AIMS-ൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത നിലവിലുള്ള പദ്ധതി അംഗങ്ങൾ എത്രയും വേഗം അതാത് കൃഷിഭവനുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങളും രേഖകളും നൽകി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

.